# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സഹകരണ മേഖലയ്ക്ക് ദോഷകരമായ നിലപാടുകൾ</u>

433 ശ്രീ. ജി. സുധാകരൻ
,, ഇ. പി. ജയരാജൻ
,, കെ. കെ. നാരായണൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ സർക്കാർ കൈക്കൊണ്ടുവരുന്ന നിലപാടുകളും നടപടികളും പ്രസ്തുത മേഖലയെ തകർത്ത് സ്വകാര്യമേഖലയെ സഹായിക്കുന്ന തരത്തിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രാഥമിക സഹകരണസംഘങ്ങൾ പ്രതിമാസ നിക്ഷേപ പദ്ധതികൾ രജിസ്റ്റർ ചെയ്യുമ്പോൾ നിക്ഷേപ പദ്ധതി തുകയ്ക്ക് തുല്യമായ സംഖ്യ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കണമെന്ന രജിസ്റ്റാറുടെ സർക്കുലർ സ്വകാര്യ ചിട്ടികമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ സ്ഥാപനങ്ങൾക്കെതിരെയുള്ള നികുതി നിർദ്ദേശങ്ങളും നിയമഭേദഗതികളും സർക്കുലറുകളും സഹകരണ മേഖലയ്ക്ക് ദോഷകരമാവുമെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) വായ്പാമേഖലയിൽ സഹകരണസ്ഥാപനങ്ങൾ പിന്നോക്കം പോവുന്നതുകൊണ്ടാണ് ബ്ലേഡ് കമ്പനികളും വട്ടിപ്പലിശക്കാരും വീണ്ടും സജീവമായിരുക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഭവനശ്രീ പദ്ധതി</u>

434 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' മുല്ലക്കര രത്നാകരൻ
'' കെ. അജിത്
'' ഇ .കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതി പ്രകാരം ആകെ എത്ര രൂപയാണ് വായ്പയായി അനുവദിച്ചത്;

(ബി) സബ്സിഡി കഴിച്ച് വായ്പ മുഴുവൻ അടച്ചവർക്ക് പണയാധാരം തിരിച്ച് ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലാ സഹകരണ ബാങ്കുകൾ, സബ്സിഡി തുക സർക്കാരിൽ നിന്നും ലഭ്യമായാൽ മാത്രമേ പണയാധാരം തിരിച്ചു നൽകേണ്ടതുള്ളു എന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) ഭവനശ്രീ വായ്പ എടുത്തവർക്ക് പണയാധാരം തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കുറഞ്ഞ പലിശയ്ക്ക് കാര്‍ഷിക വായ്പ</u>

435 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ ബാങ്കുകള്‍ വഴി ഏതെല്ലാം വായ്പകള്‍ കൃഷിക്കാര്‍ക്ക് നല്‍കി വരുന്നു ;

(ബി) പ്രസ്തുത വായ്പകള്‍ക്ക് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത് ;

(സി) ഓരോ സഹകരണ ബാങ്കും നിശ്ചിത തുക കൃഷി വായ്പ നല്‍കണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) കൃഷിക്കാര്‍ക്ക് വായ്പയായി കൂടുതല്‍ തുക കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

ആശ്വാസ് 2012 പദ്ധതി

436

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് 2012 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

പലിശരഹിത കാർഷികവായ്പാ പദ്ധതി

437 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സഹകാരി സമ്പർക്ക പരിപാടി</u>

438 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ.റ്റി. ജോർജ്
,, പി.എ.മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകാരി സമ്പർക്ക പരിപാടി നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പരിപാടിയിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ സഹകരണ വകുപ്പിന്റെ പദ്ധതികൾ</u>

439 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിൽ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലത്ത് അത്യാധുനിക കാൻസർ കെയർ സെന്റർ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സഹകരണമേഖലയുടെ വളർച്ചയ്ക്കുള്ള പദ്ധതികൾ</u>

440 ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റശേഷം ആവിഷ്ക്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണമേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ നടപടി</u>

441

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഉദാരവ്യവസ്ഥയിൽ പരമാവധി പലിശ ഇളവിൽ വായ്പകൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിന്റെ ചെറുകിട വായ്പാ പദ്ധതികൾ</u>

442 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലേഡ് പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ നിന്നും സാധാരണക്കാർക്ക് ചെറുകിട വായ്പകൾ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത വായ്പകൾ നൽകുന്നതിന് എന്തെല്ലാം ഈടുകളാണ് വാങ്ങാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത വായ്പകളുടെ പലിശ നിരക്കും തിരിച്ചടവ് രീതിയും സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സഹകരണ വകുപ്പിന്റെ പങ്കാളിത്തം

443 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ത്രിവേണി, നന്മ സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>പുതിയ പ്രാഥമിക സഹകരണ സംഘങ്ങൾ</u>

444 ശ്രീ. മാത്യു റ്റി. തോമസ്
'' സി. കെ. നാണു
'' ജോസ് തെറ്റയിൽ
ശ്രീമതി. ജമീല പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ മേഖലയിലാണ് ഇവ നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ കൃത്യമായും ലഭിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിൽ നിന്നും ട്രഷറിയിലേക്ക് മാറ്റിയ തുക</u>

445 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും എത്ര തുകയാണ് ട്രഷറികളിലേക്ക് മാറ്റാൻ സർക്കാർ നിർദ്ദേശിച്ചിരുന്നത്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പണം നിക്ഷേപിച്ചുവെന്നും എത്ര തുക വീതമാണ് നിക്ഷേപിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പ്രാഥമിക കാർഷിക/കാർഷികേതര സഹകരണ ബാങ്കുകൾ എത്ര തുക വീതം നിക്ഷേപിക്കണമെന്നാണ് നിഷ്ക്കർഷിച്ചിരുന്നത്; ആകെ എത്ര തുകയാണ് ഈയിനത്തിൽ നിക്ഷേപിക്കപ്പെട്ടത്;

(ഡി) എത്ര ശതമാനം പലിശയാണ് വാഗ്ദാനം ചെയ്തിരിക്കുന്നതെന്നും നിക്ഷേപ കാലാവധി എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപം</u>

446 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും നിർബന്ധപൂർവ്വം എത്ര കോടി രൂപയാണ് ട്രഷറിയിലേക്ക് മാറ്റിയിട്ടുള്ളത്;

(ബി) സഹകരണ ബാങ്കുകളുടെ പണം നിർബന്ധപൂർവ്വം ട്രഷറിയിൽ നിക്ഷേപിക്കുന്നത് ഏതു നിയമ പ്രകാരമാണ്;

(സി) പ്രസ്തുത നിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നത്;

(ഡി) ഇത്തരം നിക്ഷേപത്തിന്റെ കാലാവധി എത്രയാണ്;

(ഇ) നിശ്ചിത കാലാവധി കഴിഞ്ഞാൽ സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരിച്ചു നൽകുമോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>സഹകരണ സംഘങ്ങളുടെ എണ്ണം</u>

447 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ ഇല്ലാത്ത സഹകരണ സംഘങ്ങൾ എത്രയാണ്;

(ബി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിയോഗിക്കപ്പെട്ട സഹകരണ സംഘങ്ങൾ എത്രയാണെന്നും ലിക്വിഡേഷൻ പ്രോസസിൽ കഴിയുന്ന സംഘങ്ങൾ എത്രയാണെന്നും അറിയിക്കുമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിലുള്ള സംഘങ്ങൾ എത്രയെണ്ണമാണ്;

(ഡി) പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സംഘങ്ങൾ എത്ര;

(ഇ) ആർ.ബി.ഐ യുടെ ലൈസൻസോടുകൂടി പ്രവൃത്തിക്കുന്ന സംഘങ്ങളും ബാങ്കുകളും എത്രയെണ്ണമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങൾക്ക് ഇളവുകൾ അനുവദിക്കണമെന്ന ആവശ്യം</u>

448 ശ്രീ.എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പുതുതായി രൂപീകരിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനമായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ വക കെട്ടിടങ്ങളോ, സ്ഥലമോ സഹകരണ സംഘങ്ങൾക്ക് വാടകയ്ക്കോ ലീസിനോ നൽകുമ്പോൾ എന്തെല്ലാം ഇളവുകളാണ് നൽകാറുള്ളത്; വിശദമാക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്കും നൽകുന്ന ഇളവുകൾപോലും സഹകരണ സംഘങ്ങൾക്ക് നൽകുന്നില്ലായെന്ന പരാതി ഗൗരവമായി കാണുമോ;

(ഡി) പ്രസ്തുത പരാതി പരിഹരിക്കാൻ സർക്കാർ നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ അനധികൃത മണൽ വിൽപ്പന</u>

449 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങൾ വ്യാജരേഖ ഉണ്ടാക്കി മണൽ ബുക്ക് ചെയ്ത് കൊള്ളവിലയ്ക്ക് വിൽപ്പന നടത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ എന്ത് നടപടിയാണ് ഇതു സംബന്ധിച്ച് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങളിന്മേലുള്ള നികുതി ചുമത്തൽ</u>

450 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ബാങ്കുകളുടെ നിക്ഷേപത്തിന്മേൽ നികുതി ചുമത്തുന്നത് നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക്</u>

451 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ബാങ്കുകളിലേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും തമ്മിൽ വ്യത്യാസമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള വ്യത്യാസം വ്യക്തമാക്കുമോ;

(ബി) ഈ വ്യത്യാസം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘം ജീവനക്കാരുടെ പ്രൊമോഷന് നൽകുന്ന ഇളവുകൾ</u>

452 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം ജീവനക്കാർക്ക് ഉയർന്ന തസ്തികകളിൽ പ്രമോഷൻ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളിലാണ് ഇളവുകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഇളവുകൾ അനുവദിച്ചിട്ടുള്ള ഉത്തരവുകളിലോ സർക്കുലറുകളിലോ ഭേദഗതികൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

## സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം

453 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്കു വിട്ട ശേഷം ഇതുവരെ നിയമന ചട്ടം (സ്പെഷ്യൽ റൂൾസ്) തയ്യാറാക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ അപ്പക്സ് സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന എത്ര നിയമനങ്ങൾ നടത്തി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ അപ്പക്സ് സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന അല്ലാതെ എത്ര സ്ഥിരം / താൽക്കാലിക നിയമനങ്ങൾ നടത്തി; സ്ഥാപനത്തിന്റെ പേരും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2013 മാർച്ച് 31 വരെ സഹകരണ അപ്പക്സ് സ്ഥാപനങ്ങളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; സ്ഥാപനത്തിന്റെ പേരും തസ്തികയും തിരിച്ച് വിശദമാക്കുമോ;

(ഇ) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലായെങ്കിൽ ടി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

സഹകരണ ബാങ്കുകൾക്ക് പുതുതായി അനുവദിച്ച ശാഖകൾ

454 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സർവ്വീസ് സഹകരണ ബാങ്കുകൾക്കാണ് പുതുതായി ബ്രാഞ്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം അനുവദിച്ച ബ്രാഞ്ചുകൾ എത്രയെണ്ണമാണെന്നും എവിടെയാണ് അനുവദിച്ചതെന്നും വിശദമാക്കുമോ;

(സി) ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിക്കുള്ളിൽ മറ്റു സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ അനുവദിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാമെന്നും, അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

**കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം**

455 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം 2012-13, 2013-14 വർഷങ്ങളിൽ ലോൺ എടുത്തവർ മരണമടഞ്ഞതിനെത്തുടർന്ന് ലോൺ കുടിശ്ശിക എഴുതിതള്ളുന്നതുമായി ബന്ധപ്പെട്ട് കുട്ടനാട്ടിൽ നിന്നും സമർപ്പിച്ച ഏതൊക്കെ അപേക്ഷകളിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) അർഹതയില്ലെന്ന കാരണത്താൽ ആരുടെയെല്ലാം അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികളുടെ കാര്യക്ഷമത</u>

456 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയില്‍ എത്ര ആശുപത്രികള്‍ പ്രവര്‍ത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ആശുപത്രികളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ആശുപത്രി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്ക്കരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷനുള്ള സംഘങ്ങളുടെ വിവരം</u>

457 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേഷനുള്ള അംഗ സംഘങ്ങളുടെ എണ്ണം ജില്ലാ ബാങ്കുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ ജില്ലാ ബാങ്കിലും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന അംഗസംഘങ്ങൾ എത്രയായിരുന്നു;

(സി) ഓരോ ജില്ലാബാങ്കിലും ഈ സർക്കാരിന്റെ കാലത്ത് അഫിലിയേറ്റ് ചെയ്ത സംഘങ്ങളിൽ നാളിതുവരെ ഒരു സാമ്പത്തിക ഇടപാടും നടത്തിയിട്ടില്ലാത്തവ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകളിലെ ഒഴിവുകൾ</u>

458 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ വിവിധ തസ്തികകളിൽ ഉള്ള ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ചീമേനി സഹകരണ എഞ്ചിനിയറിംഗ് കോളേജിലെ അദ്ധ്യാപക ക്ഷാമം</u>

459 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി സഹകരണ എൻജിനീയറിംഗ് കോളേജിൽ വിവിധ ബ്രാഞ്ചുകളിലായി എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ നിന്നും എത്ര രൂപ വാർഷിക വരുമാനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാനും സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനും എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചീമേനി സഹകരണ എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ ഫീസ് കൂട്ടിയ നടപടി</u>

460 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി സഹകരണ എഞ്ചിനിയറിംഗ് കോളേജിലെ ഹോസ്റ്റൽ ഫീസ് കുത്തനെ കൂട്ടിയ നടപടി പുനപരിശോധിക്കാമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെടാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഹോസ്റ്റൽ ഫീസ് എപ്പോൾ കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>വായ്പയെടുത്ത പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം</u>

461 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ടോ;

(ബി) ഏത് കാലാവധിക്കുള്ളിൽ വായ്പയെടുത്തവർക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് പറയാമോ;

(സി) നിശ്ചയിച്ചിരുന്ന പ്രസ്തുത കാലാവധിക്കുള്ളിൽപ്പെട്ട വായ്പാകുടിശ്ശികക്കാരുടെ മേൽ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽപ്പെട്ട വായ്പാ കുടിശ്ശികക്കാരെ മറ്റ് ജപ്തി നടപടികളിൽ നിന്നൊഴിവാക്കാൻ കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ആഡിറ്റർമാരുടെ കരാറടിസ്ഥാനത്തിലുള്ള നിയമനം

462 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ആഡിറ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികകളിൽ പി.എസ്.സി. വഴിയുള്ള ജീവനക്കാരെ നിയമിക്കുന്നതിനു പകരം സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകാനുള്ള സാഹചര്യമെന്താണെന്നും അതിന്റെ വിശദാംശങ്ങളും അറിയിക്കുമോ;

(ഡി) സർവ്വീസിൽ നിന്ന് വിരമിച്ചവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം പെൻഷനായവരെക്കൊണ്ട് ആഡിറ്റ് ജോലികൾ ചെയ്യിക്കുന്നത് സ്ഥാപനത്തിന്റെയും ആഡിറ്റിന്റെയും വിശ്വാസ്യതയ്ക്ക് കുറവുണ്ടാകാൻ കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) സർവ്വീസിലുള്ള ആഡിറ്റർമാരെക്കൊണ്ട് മാത്രം ഈ ജോലികൾ നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

**കൺസ്യൂമർഫെഡിന്റെ മരുന്നു വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

463 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ വെയർഹൗസ് ഗോഡൗണിൽ നിന്നും മരുന്നു വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എത്ര ലക്ഷം രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് കൺസ്യൂമർഫെഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് വിഷുവിന് നൽകിയ സബ്സിഡി</u>

464 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇത്തവണത്തെ വിഷുവിന് കൺസ്യൂമർഫെഡ് പരമാവധി ഇരുപതു ശതമാനം മാത്രം വിലക്കുറവിൽ സാധനങ്ങൾ വിൽക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡിന്റെ വിറ്റുവരവ്</u>

465 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2006 മുതല്‍ 2013 വരെ കണ്‍സ്യൂമര്‍ ഫെഡിന്റെ ശരാശരി വിറ്റുവരവ് എത്രയായിരുന്നു;

(ബി) മദ്യം, മരുന്ന് വില്പനയില്‍ നിന്നും കണ്‍സ്യൂമര്‍ ഫെഡിന് 2006 മുതല്‍ 2013 വരെ പ്രതിവര്‍ഷം എന്തു തുക ഇന്‍സെന്റീവായി ലഭിച്ചു; വിശദമാക്കാമോ;

(സി) കണ്‍സ്യമൂര്‍ ഫെഡിന് സാധനങ്ങള്‍ വിതരണം ചെയ്ത വകയില്‍ സപ്ലെയര്‍മാര്‍ക്ക് എന്തു തുക ഇതുവരെ നല്‍കാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) സബ്സിഡി നല്‍കിയ ഇനത്തില്‍ കണ്‍സ്യൂമര്‍ ഫെഡിന് സര്‍ക്കാരില്‍ നിന്നും എന്തു തുക ലഭിക്കുവാനുണ്ട്; വിശദമാക്കുമോ;

(ഇ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കണ്‍സ്യൂമര്‍ ഫെഡിന് സര്‍ക്കാരില്‍ നിന്ന് എന്തു തുക ലഭിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിലെ അഴിമതി</u>

466 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ കൺസ്യൂമർ ഫെഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നത്; പ്രസ്തുത ലാഭ/നഷ്ട കണക്ക് വിശദമാക്കുമോ;

(ബി) വിജിലൻസ് പരിശോധനകളിലൂടെ കൺസ്യൂമർ ഫെഡിൽ എത്ര രൂപയുടെ അഴിമതി നടന്നതായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്;

(സി) അഴിമതി നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014–ലെ മറുപടിക്ക്**

<u>കൺസ്യൂമർഫെഡിനുള്ള സബ്സിഡി തുക</u>

467

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ വിപണനമേളകളുടെ സബ്സിഡി ഇനത്തിൽ നാളിതുവരെ സർക്കാരിൽ നിന്നും കൺസ്യൂമർഫെഡിന് എത്ര തുക ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾ വിവിധ ഇനത്തിൽ കൺസ്യൂമർഫെഡിനു നൽകാനുള്ള തുക എത്രയാണെന്നും പ്രസ്തുത തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കൺസ്യൂമർ ഫെഡ് സ്റ്റോറുകളിലെ സാധനങ്ങളുടെ അപര്യാപ്തത</u>

468 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൺസ്യൂമർ ഫെഡിന്റെ സ്റ്റോറുകളിൽ സാധനങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2014–ലെ മറുപടിക്ക്

കണ്‍സ്യൂമര്‍ഫെഡിലെ ജീവനക്കാര്‍

469 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡില്‍ എത്ര സ്ഥിരം ജീവനക്കാരുണ്ട്; എത്ര താല്ക്കാലിക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര സ്ഥിരം ജീവനക്കാരെയും താല്ക്കാലിക ജീവനക്കാരെയും കണ്‍സ്യൂമര്‍ഫെഡില്‍ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കണ്‍സ്യൂമര്‍ഫെഡ്, ത്രിവേണിസ്റ്റോറുകളില്‍ ജീവനക്കാര്‍ക്ക് ഷിഫ്റ്റ് സമ്പ്രദായം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ;

(ഡി) കണ്‍സ്യൂമര്‍ഫെഡ്, ത്രിവേണിസ്റ്റോറുകളിലെ ജീവനക്കാര്‍ക്ക് കൃത്യമായി ശമ്പളം നല്‍കാന്‍ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>കൺസ്യൂമർഫെഡ് സ്റ്റോറുകളിലെ സാധനക്ഷാമം</u>

470 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര ത്രിവേണി, നന്മ സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ത്രിവേണി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾക്ക് നേരിടുന്ന കടുത്ത ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധനങ്ങളുടെ സ്റ്റോക്കിൽ കുറവുവരുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ അളവിൽ അത് ലഭിക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

471 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) ഖാദി കോട്ടൺ, പോളി, സിൽക്ക് തുണിത്തരങ്ങൾക്ക് 20 ശതമാനം സ്ഥിരം റിബേറ്റ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

## കേരള നിയമസഭ
## 10.06.2014–ലെ മറുപടിക്ക്

<u>ചാലക്കുടി ഖാദിയൂണിറ്റുകളുടെ നവീകരണം</u>

472 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ പേരാമ്പ്രയിലും, കനകമലയിലും പ്രവർത്തിക്കുന്ന ഖാദിയൂണിറ്റുകളുടെ നവീകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?